ഉത്തരം

(എ) ഈ കാലയളവിൽ 121 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഒന്ന്

(സി) 597 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വർഗ്ഗീയ സംഘട്ടനം സംബന്ധിച്ച് 264 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഇ) 8 കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

ആർ. എസ്. എസ്. സംഘട്ടനങ്ങൾ

84. [84] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2006 ജനുവരി 15 വരെ എത്ര ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ആർ. എസ്. എസ്. സംഘട്ടനത്തിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്; മരണമടഞ്ഞവരുടെ കക്ഷി ബന്ധങ്ങൾ വെളിപ്പെടുത്തുമോ:

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2006 ജനുവരി 15 വരെ 306 ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) ആർ. എസ്. എസ്. സംഘട്ടനത്തിന്റെ ഫലമായി 12 പേർ മരണമടഞ്ഞിട്ടുണ്ട്.

മരണമടഞ്ഞവരുടെ കക്ഷിബന്ധം:

ആർ. എസ്. എസ്.	..	5
സി. പി. എം.	..	4
ഡി. വൈ. എഫ്. ഐ.	..	1
മുസ്ലിം	..	1
തീരുമാനം	..	1

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് 306 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 271 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

വർഗ്ഗീയ സംഘട്ടനങ്ങൾ

85. [85] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) എത്ര പേർ മരിക്കാൻ ഇടയായിട്ടുണ്ട്. ഇതിൽ എത്ര പേർക്ക് പരിക്കുപറ്റി;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17-5-01 മുതൽ 31-12-05 വരെ 121 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) മരണപ്പെട്ടവർ - 18

പരിക്കുപറ്റിയവർ - 242

(സി) 421 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആരാധനാലയങ്ങൾക്കു നേരെയുള്ള അതിക്രമം

86. [86] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം ആരാധനാലയങ്ങൾക്കുനേരെ എത്ര തവണ പോലീസ് അതിക്രമം, സാമൂഹ്യ വിരുദ്ധരുടെ ആക്രമണം, മോഷണം, എന്നിവ ഉണ്ടായെന്നും ഇത്തരം നടപടികളിലൂടെ എത്ര പൊൻകുരിശ് പള്ളിക്ക് പറ്റിയെന്നും, ഏതൊക്കെ ആരാധനാലയങ്ങൾക്ക് കേട് പറ്റിയെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly